No. CEE/3601/KMAT-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## എൽ.എൽ.എം, എം.ബി.എ (കെ – മാറ്റ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2021 ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

2021 ആഗസ്റ്റ് 12, 13 തീയതികളിലായി കേരളത്തിലെ വിവിധ ജില്ലകളിൽ വച്ച് നടത്തിയ 2021–22 അദ്ധ്യയന വർഷത്തെ എൽ.എൽ.എം , എം.ബി.എ (കെ–മാറ്റ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകളുടെ ഉത്തര സൂചികകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഓൺലൈൻ പ്രവേശന പരീക്ഷയിൽ വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ഉത്തരങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി **'Candidate Portal'** ൽ ലഭ്യമാക്കുന്നതാണ്.

ഉത്തര സൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള വിദ്യാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന കെ–മാറ്റ് പ്രവേശന പരീക്ഷയുടെ ഓരോ ചോദ്യത്തിനും **100/– രൂപ** ഫീസ്, എൽ.എൽ.എം പരീക്ഷയുടെ ഓരോ ചോദ്യത്തിനും **200/– രൂപ** എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും **25.08.2021, 5.00** മണിയ്ക്ക് മുൻപ് തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, ഇ–മെയിൽ, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിനുവേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

തിരുവനന്തപുരം
13.08.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**